(ഡി) ഇക്കാര്യത്തിന് ജപ്പാന്റെ സഹായം ലഭ്യമായോ ;

(ഇ) ഇല്ലെങ്കിൽ കാരണമെന്താണെന്ന് വിശദീകരിക്കുമോ ;

(എഫ്) ജപ്പാന്റെ സഹായത്തോടുകൂടി നടപ്പാക്കാൻ തീരുമാനിച്ചിരുന്ന പദ്ധതികൾ ഇനി എപ്രകാരം നടപ്പാക്കാമെന്നാണ് ഉദ്ദേശിക്കുന്നത് ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) കേന്ദ്രസർക്കാരും ജെ.ബി.ഐ.സി. (മുൻ ഒ.ഇ.സി.എഫ്)യും തമ്മിൽ ഒപ്പുവച്ച കരാറനുസരിച്ച് പദ്ധതി നടത്തിപ്പിന് അന്താരാഷ്ട്ര നിലവാരമുള്ള കൺസൾട്ടന്റിനെ നിയമിക്കേണ്ടതുണ്ട്. പദ്ധതിയുടെ കൺസൾട്ടന്റിന്റെ നിയമനം പൂർത്തീകരിക്കാത്തതിനാൽ വായ്പ ലഭിച്ചു തുടങ്ങിയിട്ടില്ല.

(ബി) കരാറനുസരിച്ച് 382.07 കോടി രൂപ. കേരള വാട്ടർ സപ്ലൈ പ്രോജക്ട് നടപ്പിലാക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് ആദ്യഘട്ടമായി ലഭിക്കും.

(സി) 25-2-1997-ൽ.

(ഡി) ഇല്ല.

(ഇ) കരാർ അനുസരിച്ച് കൺസൾട്ടന്റിന്റെ നിയമനം നടക്കാത്തതിനാൽ ജെ.ബി.ഐ.സി. വായ്പ കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ചു തുടങ്ങിയിട്ടില്ല.

(എഫ്) കൺസൾട്ടന്റിനെ നിയമിക്കുന്നതിനുവേണ്ടി പുതിയ ആഗോള ടെൻഡർ ക്ഷണിക്കാനുള്ള സർക്കാരിന്റെ തീരുമാനത്തിന് ഒ.ഇ.സി.എഫ്. അംഗീകാരം ലഭ്യമാക്കി പദ്ധതിയുമായി മുന്നോട്ട് പോകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## (2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പിന്നോക്ക സമുദായ പുരോഗതിക്ക് നടപടി

1 (226) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിന്നോക്ക സമുദായങ്ങളുടെ പുരോഗതിക്ക് വേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) സർക്കാർ സ്വീകരിച്ച നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ അത് വ്യക്തമാക്കാമോ ;

(ഡി) പിന്നോക്ക സമുദായങ്ങളുടെ ക്ഷേമത്തിനുവേണ്ടി സർക്കാർ പുതിയ പദ്ധതികൾ എന്തെങ്കിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിന്നോക്ക സമുദായങ്ങളുടെ പുരോഗതിക്കായി 78.94 കോടി രൂപ 20446 ഗുണഭോക്താക്കൾക്കായി പല പദ്ധതികൾക്കായി പിന്നോക്ക വിഭാഗ കോർപ്പറേഷൻ വഴി വിതരണം ചെയ്തു. കൂടാതെ പരിവർത്തിത ക്രൈസ്തവ കോർപ്പറേഷൻ മുഖേനയും വിവിധക്ഷേമ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) ഉണ്ട്.

(സി) പിന്നോക്ക വിഭാഗവികസന കോർപ്പറേഷന് 3 മേഖലാ ഓഫീസുകൾ മാത്രമാണ് ഉണ്ടായിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ ജില്ലകളിലും ഓഫീസുകൾ തുറന്നു. അപേക്ഷകൾ ആവശ്യപ്പെടുന്ന വിവിധ സ്വയംതൊഴിൽ പദ്ധതികൾക്കായി 50,000 രൂപയുടെ വായ്പ നല്കി തുടങ്ങിയതും പെൺകുട്ടികളുടെ വിവാഹത്തിന്, വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ടുവരുന്നവർക്കും വിമുക്തഭടന്മാർക്കും 1.50 ലക്ഷം രൂപവരെ തൊഴിൽ വായ്പ നല്കിയതും 1 ലക്ഷം രൂപവരെ പ്രൊഫഷണൽ കോഴ്സുകളിൽ വായ്പ നല്കി തുടങ്ങിയതും ഈ സർക്കാരിന്റെ കാലത്താണ്.

(ഡി) ഉണ്ട്.

(ഇ) 1. വിദേശരാജ്യങ്ങളിൽ നിന്നും ജോലി നഷ്ടപ്പെട്ട് തിരിച്ചുവന്ന പിന്നോക്കവിഭാഗത്തിൽപ്പെട്ടവർക്കും വിമുക്തഭടന്മാർക്കും തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് 9 ശതമാനം പലിശ നിരക്കിൽ 1.50 ലക്ഷം രൂപവരെ വായ്പ നല്കുന്ന പദ്ധതികൾ പിന്നോക്ക വിഭാഗ കോർപ്പറേഷൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

പരിവർത്തിത കോർപ്പറേഷൻ പദ്ധതികൾ

2. എ ദാരിദ്രരേഖയ്ക്ക് താഴെയുള്ള സ്ത്രീഗുണഭോക്താക്കൾക്ക് 1 ലക്ഷം രൂപവരെ 1 ശതമാനം പലിശക്ക് വായ്പ നല്കുന്നതും

ബി എ. ഐ. സി. ടി. ഇ/മെഡിക്കൽ കൗൺസിൽ എന്നിവ അംഗീകരിച്ച കോഴ്സുകൾ പ്രവേശനത്തിനായി 1 വർഷത്തേക്ക് 75000 രൂപ വീതം 3 ലക്ഷം രൂപവരെ വായ്പ അനുവദിക്കുന്നതാണ്.

സി കോർപ്പറേഷന്റെ പരിധിയിൽ രജിസ്റ്റർ ചെയ്യുന്ന സംഘടനകൾക്ക് ഗ്രൂപ്പ് വായ്പ 5 ലക്ഷം രൂപവരെ നല്കുന്നതായിരിക്കും.

ഡി പാരമ്പര്യാധിഷ്ഠിതവും സാങ്കേതികവുമായ തൊഴിലുകളിൽ പരിശീലനം നല്കും.

ഇ കോർപ്പറേഷൻ ഗുണഭോക്താക്കളുടെ വിദ്യാർത്ഥികൾക്ക് ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ കോർപ്പറേഷന്റെ മേൽനോട്ടത്തിൽ ആരംഭിക്കാൻ ലക്ഷ്യമിട്ടിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly